# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

17.07.2014 ലെ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 787

## ആഭ്യന്തര സീസണൽ വിനോദസഞ്ചാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. കെ.എം.ഷാജി | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | ആഭ്യന്തര സീസണൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ: | എ) | • ആഭ്യന്തര സീസണൽ വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് ഈ വർഷം 31 ദേശീയ വ്യാപാരമേളകളിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിന് പുറത്ത് തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ റോഡ്ഷോകൾ, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ്പ്ലേ എന്നിവയും സംഘടിപ്പിക്കുന്നു.<br>• സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. Youtube, Bloggers Camp, Online painting competition, കേരളത്തിന്റെ തനത് ഉത്സവങ്ങളും കലകളും മറ്റും ഉൾക്കൊള്ളുന്ന പുതിയ വീഡിയോ സി.ഡി. നിർമ്മാണം, Ariel shot മുഖേന കേരള ഗ്രേറ്റ് ബാക്ക് വാട്ടേഴ്സ് എന്ന പേരിൽ പുതിയ വീഡിയോ ചിത്രം, സ്പൈസ് റൂട്ട് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സ്പൈസ് റൂട്ട് ബ്രോഷർ തയ്യാറാക്കിയിട്ടുണ്ട്. |

(........2)

- മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ എന്നീ കാമ്പയിനുകളുടെ ഭാഗമായി വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പരസ്യ പ്രചാരണം നടത്തി വരുന്നു.
- ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങളും നടപ്പിലാക്കി വരുന്നു.
- കേരള ടൂറിസത്തിന്റെ പ്രധാന വിപണികളായ ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽനിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'വിസ ഓൺ അറൈവൽ' എന്ന നൂതന സംവിധാനം ആവിഷ്കരിച്ചുവരുന്നു.

ബി) മൺസൂൺ ടൂറിസം പദ്ധതിക്കായി എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും ഈ വർഷത്തെ ശുഷ്ക്കമായ മൺസൂൺ പ്രസ്തുത പദ്ധതിയെ ഏതുവിധം ബാധിച്ചുവെന്നും വിലയിരുത്തിയിട്ടുണ്ടോ;

ബി) മൺസൂൺ കാലത്ത് പ്രത്യേകമായി വിനോദസഞ്ചാരികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ മൺസൂൺ കാമ്പയിൻ എന്ന പരസ്യപ്രചാരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദേശീയ ദൃശ്യ-ശ്രവ്യ-അച്ചടി മധ്യമങ്ങളിൽ പരസ്യങ്ങൾ, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ്പ്ലേ എന്നിവയും നൽകിവരുന്നു. ഈ വർഷത്തെ മൺസൂണിന്റെ ദൗർലഭ്യം വിനോദസഞ്ചാരികളുടെ കേരളത്തിലേക്കുള്ള വരവിനെ ബാധിച്ചതായി കാണുന്നില്ല.

| | | | |
|---|---|---|---|
| സി) | മഞ്ഞുകാലത്ത് തെക്കേ ഇന്ത്യയിലേക്ക് വിനോദസഞ്ചാരം നടത്തുന്ന ഉത്തരേന്ത്യൻ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ വേണ്ട നടപടികൾ മുൻകൂർ സ്വീകരിക്കുമോ? | സി) | മഞ്ഞുകാലത്ത് കൂടുതൽ ഉത്തരേന്ത്യൻ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാനുള്ള പല നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

(..........3)